പുസ്തകത്തിൽനിന്ന്
●
എസ്.എം മുശ്‌രിഫ്

# രഹസ്യാന്വേഷണത്തിന്റെ ആർ.എസ്.എസ് താവഴികൾ

**മുസ്‌ലിംകൾ** പാകിസ്താനെയും ഭീകരവാദികളെയും പിന്തുണക്കുന്നവരും സവർണർ രാജ്യത്തോട് അങ്ങേയറ്റം കൂറും സ്നേഹവുമുള്ളവരും ആണെന്നത് വർഗീയതയുടെ അതിപ്രസരം മൂലം രാജ്യത്ത് സൃഷ്ടിക്കപ്പെട്ട ഒരു ധാരണയാണ്. മധ്യകാലത്തെ മുസ്‌ലിം ഭരണാധികാരികളുടെ ചെയ്തികൾ സവർണരെ മുസ്‌ലിംകൾക്കെതിരാക്കിയതു കൊണ്ടാണ് സവർണർ മുസ്‌ലിംകളെ എതിർക്കുന്നതെന്ന് ഇതോടു ചേർത്ത് പറയുന്നു.

യഥാർഥത്തിൽ സവർണർ മുസ്‌ലിംകൾക്കെതിരായിരുന്നോ? അങ്ങനെയെങ്കിൽ എന്നു മുതലാണ് സവർണർ മുസ്‌ലിംകൾക്കെതിരായിത്തീർന്നത്? എന്നാൽ സവർണർ ഒരിക്കലും മുസ്‌ലിംകൾക്കെതിരായിരുന്നില്ലെന്ന് ചരിത്രം പറയുന്നു.

700 വർഷത്തോളം ഇന്ത്യ ഭരിച്ചത് മുസ്‌ലിംകളാണ്. ഈ ഭരണാധികാരികളൊന്നും അക്കാലത്ത് സാമൂഹികാവസ്ഥയിലെ സവർണ ആധിപത്യത്തെ വെല്ലുവിളിച്ചിരുന്നില്ല. കീഴ്ജാതിക്കാരായ സാധാരണ ഹിന്ദുക്കളെ കൊണ്ട് അവർ ആഗ്രഹിക്കുന്നതൊക്കെ ചെയ്തിട്ടുമുണ്ട്. അതിനാൽ സവർണർ ഒരിക്കലും മുസ്‌ലിം ഭരണാധികാരികൾക്കെതിരെ തിരിഞ്ഞതുമില്ല. അത്രയും കാലത്തിനിടയിൽ മുസ്‌ലിം ഭരണാധികാരികൾക്കെതിരെ സാധാരണ ഹിന്ദുക്കളുടെ മുന്നേറ്റത്തിന് സവർണർ ബോധവൽക്കരണം നടത്തിയ ഒരു സംഭവം പോലുമുണ്ടായില്ല.

അതേസമയം മറുഭാഗത്ത് മുസ്‌ലിം ഭരണാധികാരികളെ സവർണർ സഹായിച്ചതിന് ഒരുപാട് ഉദാഹരണങ്ങളുണ്ട് താനും. മുഗൾ ചക്രവർത്തി അക്ബറിന്റെ 'നവരത്ന'ങ്ങളിൽ ബ്രാഹ്മണരുണ്ടായിരുന്നു. ടിപ്പു സുൽത്താന്റെ ഉപദേശകരിലും ഭരണസഹായികളിലും ബ്രാഹ്മണരേറെയായിരുന്നു. വർഗീയ പ്രചാരണത്തിന് ഇപ്പോൾ സവർണർ കാര്യമായി ഉപയോഗിക്കുന്ന ഔറംഗസീബിന്റെ ദർ

ബാറിൽ പോലും 50 ശതമാനത്തിലേറെ ബ്രാഹ്മണരായിരുന്നു. ബ്രാഹ്മണരുടെ കലവറയില്ലാത്ത ഈ പിന്തുണ കൊണ്ടാണ് മുസ്‌ലിംകൾക്ക് ഏഴു നൂറ്റാണ്ട് ഇന്ത്യ ഭരിക്കാൻ കഴിഞ്ഞത്.

*വി ഓർ അവർ നാഷൻഹുഡ് ഡിഫൈൻഡ്* എന്ന തന്റെ കൃതിയിൽ എം.എസ് ഗോൾവാൾക്കർ "ഹിന്ദുസ്ഥാനിൽ മുസ്‌ലിംകൾ കാലുകുത്തിയ നിമിഷം മുതൽ ഹിന്ദു രാജ്യം അവർക്കെതിരെ പൊരുതിക്കൊണ്ടിരിക്കുകയാണ്" എന്ന് പറയുന്നത് കള്ളമാണ്. പൂനെയിലെ ബ്രാഹ്മണ പേഷ്വാ ഭരണാധികാരികളുടെ കാലത്ത് പോലും ഹിന്ദു-മുസ്‌ലിം സംഘർഷത്തിന്റെ ഒരു ഉദാഹരണം പോലും ചൂണ്ടിക്കാണിക്കാനില്ല. 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിൽ സാധാരണ ഹിന്ദുക്കളും ബ്രാഹ്മണരും മുസ്‌ലിംകളോട് ചേർന്നു നിന്നാണ് പോരാടിയത്.

എന്നാൽ 1893 മുതലാണ് സവർണർക്ക് മുസ്‌ലിംകളോടുള്ള സമീപനത്തിൽ പൊടുന്നനെ മാറ്റം സംഭവിച്ചത്. തങ്ങളുടെ മേധാവിത്വത്തിന് ഭീഷണിയുണ്ടായ സന്ദർഭങ്ങളിലൊക്കെയും എന്തെങ്കിലും തന്ത്രങ്ങൾ ഉപയോഗിച്ച് അവർ ഭീഷണി മറികടന്നിട്ടുണ്ട്. സംഘടിത ആക്രമണത്തിലൂടെ ബുദ്ധമതാനുയായികളെയും ചിഹ്നങ്ങളെയും ഉന്മൂലനം ചെയ്തത് ഇത്തരം സാഹചര്യത്തിലായിരുന്നു. സവർണർ നിലപാട് മാറ്റി മുസ്‌ലിംകൾക്കെതിരെ തിരിഞ്ഞതിന്റെ കാരണം മറ്റൊന്നായിരുന്നു.

19-ാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ഹിന്ദുക്കളിൽനിന്ന് ഉയർന്ന പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ പൂനെയിലെ ജ്യോതിരാദിത്യ ഫൂലെയുടെ നേതൃത്വത്തിൽ മഹാരാഷ്ട്രയിലും രാമസ്വാമി പെരിയോറിന്റെയും നാരായണ ഗുരുവിന്റെയും നേതൃത്വത്തിൽ തെക്കെ ഇന്ത്യൻ സംസ്ഥാനങ്ങളിലും സവർണമേധാവിത്വത്തിനെതിരെയും ജാതിവ്യവസ്ഥക്കെതിരെയും സാധാരണ ഹിന്ദുക്കളെ ശാക്തീകരിച്ചു തുടങ്ങിയതാണ് സവർണരെ മാറി ചിന്തിക്കാൻ പ്രേരിപ്പിച്ചത്. സാധാരണ ഹിന്ദുക്കളെ തങ്ങളുടെ ചൊൽപടിക്ക് നിർത്തണമെങ്കിൽ ഒരു പൊതു ശത്രുവിനെ കാണിക്കേണ്ടത് അനിവാര്യമാണെന്ന് സവർണർ മനസ്സിലാക്കി. ഇതിന് ഹിന്ദു-മുസ്‌ലിം ഭിന്നതയുണ്ടാക്കി സാധാരണ ഹിന്ദുക്കളുടെ ശ്രദ്ധ തിരിച്ചുവിടാൻ ഒരു സംഘം സവർണ നേതാക്കൾ തീരുമാനിച്ചു. പൂനെയിലാണ് ഈ ഗൂഢാലോചനയുടെ തുടക്കം. ഈ ഗൂഢാലോചനയുടെ ഫലമണ് 1893-ൽ പൂനെയിലുണ്ടായ വർഗീയ കലാപം. അതേവർഷം തന്നെ അത് മുംബൈയിലുമാവർത്തിച്ചു.

അതിനുശേഷം സവർണലോബി തിരിഞ്ഞുനോക്കിയിട്ടില്ല. ഈ തന്ത്രം വ്യവസ്ഥാപിതമാക്കാനും സവർണ കേഡറുകളിൽ ഏകോപനം സാധ്യമാക്കാനുമാണ് 1925-ൽ രാഷ്ട്രീയ സ്വയംസേവക് സംഘ് രൂപവൽക്കരിക്കുന്നത്. ഈ ലക്ഷ്യം സഫലമാക്കുന്നതിന് പൊതുജനാഭിപ്രായം രൂപവൽക്കരിക്കാൻ രണ്ട് പ്രധാന സംവിധാനങ്ങൾ കൈയടക്കാനാണ് ആർ.എസ്.എസ് തീരുമാനിച്ചത്; രഹസ്യാന്വേഷണ വിഭാഗത്തെയും മാധ്യമങ്ങളെയും. ഇതിൽ ആർ.എസ്.എസ് ഫലപ്രാപ്തി കൈവരിക്കുകയും ചെയ്തു.

## രഹസ്യാന്വേഷണ വിഭാഗവും സവർണ മാധ്യമങ്ങളും

സവർണരുടെ കൈയിലെ ഏറ്റവും ശക്തമായ ആയുധമാണ് മാധ്യമം. അസൂയാർഹമായ തരത്തിൽ പത്ര-ചാനൽ മാധ്യമ മേഖല പൂർണമായും അവർ കൈപിടിയിലൊതുക്കി. പാർട്ടി അധികാരത്തിലായാലും അല്ലെങ്കിലും ഈയൊരു ആയുധം കൊണ്ട് സർക്കാറിനെയും രാഷ്ട്രീയക്കാരെയും ഉദ്യോഗസ്ഥരെയും പോലീസിനെയും വ്യവസായികളെയും നിയന്ത്രിക്കാൻ ആർ.എസ്.എസ്സിന് കഴിഞ്ഞു. തെറ്റായ വി

രങ്ങൾ നൽകി ഹിന്ദുക്കളെയും മുസ്‌ലിംകളെയും ശത്രുതയിൽ നിർത്താൻ ഇവർ ശ്രമിച്ചുകൊണ്ടിരുന്നു. സ്വാതന്ത്ര്യാനന്തരം പ്രാദേശിക മാധ്യമങ്ങൾ ഏറെക്കുറെ സവർണ നിയന്ത്രണത്തിലായിരുന്നുവെങ്കിലും ഇംഗ്ലീഷ് മാധ്യമങ്ങളെ പൂർണമായും വരുതിയിലാക്കാൻ സവർണർക്ക് കഴിഞ്ഞിരുന്നില്ല. എന്നാൽ പ്രാദേശിക എഡിഷനുകൾ തുടങ്ങിയതോടെ മിക്ക ഇംഗ്ലീഷ് പത്രങ്ങളും മാറിത്തുടങ്ങി. ഇന്ന് ഇംഗ്ലീഷ് പത്ര-ചാനൽ മേഖലയും സവർണരാണ് നിയന്ത്രിക്കുന്നത്.

ഇന്ത്യാ ഗവൺമെന്റിന്റെ പ്രഥമ രഹസ്യാന്വേഷണ ഏജൻസിയാണ് ഇന്റലിജൻസ് ബ്യൂറോ. സർക്കാറിന്റെ കണ്ണും കാതുമാണിത്. തുടക്കം മുതലേ സവർണർ ഐ.ബിയിലേക്ക് നുഴഞ്ഞുകയറിത്തുടങ്ങി. ഒരു സർക്കാർ സംവിധാനം എപ്രകാരം വർഗീയ സംവിധാനമാക്കാമെന്നതിന്റെ മികച്ച ഉദാഹരണമാണ് ഐ.ബി.

രണ്ടു തരക്കാരായ ഉദ്യോഗസ്ഥരാണ് ഐ.ബിയിലുള്ളത്. ഉന്നത-മധ്യ തസ്തികകളിലുള്ള സ്ഥിരം ഉദ്യോഗസ്ഥരും സംസ്ഥാനങ്ങളിൽനിന്ന് ഡെപ്യൂട്ടേഷനിലെത്തുന്ന മറ്റു ഉദ്യോഗസ്ഥരും. ആദ്യം തന്നെ ഐ.ബിയിലെ പ്രധാന പദവികളിലെല്ലാം സ്ഥിരം ഉദ്യോഗസ്ഥരായി സവർണർ  കയറിക്കൂടി. അതേസമയം തന്നെ ഊർജസ്വലരും യുവാക്കളുമായ സവർണ ഐ.പി.എസ് ഓഫീസർമാരെ വിവിധ സംസ്ഥാനങ്ങളിൽനിന്ന് ഡെപ്യൂട്ടേഷനിൽ ഐ.ബിയിലെത്തിക്കുകയും ചെയ്തു. "ഔദ്യോഗിക ജീവിതത്തിൽ ഐ.ബിയിൽ മാത്രം സേവനമനുഷ്ഠിച്ച മഹാരാഷ്ട്രയിൽനിന്നുള്ള വി.ജി വൈദ്യ ഐ.ബിയിലെ ഏറ്റവും ഉന്നത പദവിയായ ഡി.ഐ.ബി റാങ്കിലെത്തിയ സമയത്ത് നേർ സഹോദരൻ എം.ജി വൈദ്യ ആർ.എസ്.എസ്സിന്റെ മഹാരാഷ്ട്ര തലവനായിരുന്നു"വെന്ന് 2007 ഏപ്രിൽ 30ന് മറാത്തി ദ്വൈവാരിക *ബഹുജൻ സംഘർഷ്* റിപ്പോർട്ട് ചെയ്തു.

ആർ.എസ്.എസ്സിന്റെ നിയന്ത്രണത്തിലായതോടെ ഐ.ബിക്ക്, ആർ.എസ്.എസ് ദേശീയ സംഘടനയും ഇടതുപക്ഷം ഒളിപ്പോരാളികളും മുസ്‌ലിംകൾ മതമൗലികവാദികളും ഭീകരരും ദേശവിരുദ്ധ സമൂഹവുമായി. ആർ.എസ്.എസ്സിന്റെയും സഹസംഘടനകളുടെയും വർഗീയ പ്രവർത്തനങ്ങളെക്കുറിച്ചും വിദേശ ഫണ്ട് വൻതോതിൽ ഒഴുക്കുന്നതിനെക്കുറിച്ചും അവ സാമൂഹിക-വിദ്യാഭ്യാസ-സാംസ്‌കാരിക മേഖലകളിലും പത്ര-ഇലക്‌ട്രോണിക് മാധ്യമ മേഖലയിലും വിതരണം ചെയ്യുന്നതിനെക്കുറിച്ചും ആയിരക്കണക്കിന് ശാഖകളിലൂടെ വർഗീയ വിഷം ചീറ്റുന്നതിനെക്കുറിച്ചുമെല്ലാം സർക്കാറിനെ ഇരുട്ടിൽ നിർത്തിയാണ് ആർ.എസ്.എസ്സിനെ ദേശീയ-സാമൂഹിക-സാംസ്‌കാരിക സംഘടനയായി അവതരിപ്പിച്ചത്.

ഇടത്-മതേതര പാർട്ടികളുടെയും മതേതര മുസ്‌ലിം സംഘടനകളുടെയും കാര്യത്തിൽ തീർത്തും വ്യത്യസ്തമായ സമീപനം സ്വീകരിക്കുകയും ചെയ്തു. ഏറ്റവും അതിശയോക്തി കലർന്നതും പലപ്പോഴും തെറ്റായതുമായ വിവരങ്ങളാണ് ഇത്തരം പാർട്ടികളുടെ പ്രവർത്തനത്തെക്കുറിച്ച് സർക്കാറിന് നൽകിയത്. ഇത്തരം വിവരങ്ങൾക്ക് ഐ.ബിയെ ആശ്രയിച്ച തുടർന്ന് വരുന്ന സർക്കാറുകളെല്ലാം ഇത് യാഥാർഥ്യമാണെന്ന് വിശ്വസിച്ച് ഇടത് മതേതര സംഘടനകളെ തീവ്രവാദികളും ഭീകരരുമാക്കി കണക്കിലെടുക്കുകയും ചെയ്തു.

പുതിയ തലമുറയുടെ രാഷ്ട്രീയ മോഹത്തെ തുടർന്ന് വർഷങ്ങൾ കൊണ്ട് ആർ.എസ്.എസ്സും അതിന്റെ രാഷ്ട്രീയ പതിപ്പായ ബി.ജെ.പിയും ചെയ്ത വിട്ടുവീഴ്ചകൾ പോലും ഐ.ബിയുടെ ഭാഗത്തു നിന്നുണ്ടായില്ല.

"രഹസ്യാന്വേഷണ ഏജൻസിയെ അടുത്തു കാണാൻ എനിക്ക് കഴിഞ്ഞു. അ

വരോടൊപ്പമിരുന്നപ്പോൾ ജനാധിപത്യ രാജ്യത്തെ ഏതെങ്കിലും സർക്കാർ ഓഫീസിലിരിക്കുകയാണെന്ന് എനിക്ക് തോന്നിയില്ല. പകരം ആർ.എസ്.എസ് ആസ്ഥാനം പോലെയാണെനിക്ക് തോന്നിയത്"എന്ന് പാർലമെന്റ് ആക്രമണക്കേസിൽ കുറ്റവിമുക്തനാക്കപ്പെട്ട ദൽഹി സർവകലാശാലയിലെ പ്രഫസർ എസ്.എ.ആർ ഗീലാനി 2008 നവംബർ 22-ലെ *തെഹൽക*യിലെഴുതി.

## 'റോ'യും 'ഐ.ബി'യും തമ്മിൽ താരതമ്യമില്ല

ഇന്ത്യൻ രഹസ്യ വിഭാഗമായ 'റിസർച്ച് അനാലിസിസ് വിംഗി'(റോ)നെ ഒരിക്കലും രഹസ്യാന്വേഷണ വിഭാഗവു(ഐ.ബി)മായി താരതമ്യപ്പെടുത്താൻ ഞാനില്ല. അവ രണ്ടും തമ്മിൽ ഗുണപരമായ വ്യത്യാസമുണ്ട്. മൂന്ന് കാരണങ്ങളാണ് ഈ വ്യത്യാസത്തിന് പിന്നിലുള്ളത്.

1 - സ്വാതന്ത്ര്യം കിട്ടി 20 വർഷം കഴിഞ്ഞാണ് മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി 'റോ' സ്ഥാപിച്ചത്. അതിനാൽ ഏറെ പരിശ്രമങ്ങൾക്ക് ശേഷവും ഐ.ബിയെ പോലെ ഇതിനെ സവർണവൽക്കരിക്കാൻ കഴിഞ്ഞില്ല. 'റോ'യിൽ ഏതാനും ചില സവർണ ഓഫീസർമാരുണ്ടാകാമെങ്കിലും ഐ.ബിയെ പോലെ സംവിധാനം സവർണവൽക്കരിക്കപ്പെട്ടിട്ടില്ല.

2 - അതിനേക്കാളുപരി പാകിസ്താൻ, ബംഗ്ലാദേശ്, ചൈന, ശ്രീലങ്ക, മറ്റു ചില വിദേശ രാജ്യങ്ങൾ എന്നിവയെ കേന്ദ്രീകരിക്കുന്നതിനാൽ രാജ്യത്തെ ആഭ്യന്തര സംഭവവികാസങ്ങളെ കാര്യമായി 'റോ' സ്വാധീനിക്കില്ല.

3 - വർഷങ്ങളായി ഇരുകൂട്ടരും തമ്മിലുള്ള പ്രഫഷനൽ ശത്രുത പരമകാഷ്ഠയിലെത്തിയതിനാൽ ഒരു കൂട്ടരെ അവിശ്വസിക്കാനുള്ള ഒരു അവസരവും മറ്റേ കൂട്ടർ നഷ്ടപ്പെടുത്തുകയില്ല.

ഐ.ബി സവർണവൽക്കരിക്കപ്പെട്ടുവെന്ന് തുടർന്നു വന്ന സർക്കാറുകൾ മനസ്സിലാക്കിയപ്പോഴേക്കും ഏറെ വൈകിപ്പോയിരുന്നു. അതിന് ശേഷവും തങ്ങളുണ്ടാക്കിയ സംവിധാനം തുടർന്ന് വരുന്ന സർക്കാറുകൾക്ക് പൊളിക്കാൻ കഴിയാത്ത തന്ത്രപരമായ ഒരുക്കങ്ങൾ അവർ നടത്തി. താത്ത്വികമായി സർക്കാറാണ് ഐ.ബി മേധാവിയെ നിയോഗിക്കേണ്ടതെങ്കിലും ഈ തെരഞ്ഞെടുപ്പിൽ സർക്കാറിന് പങ്കൊന്നുമില്ല. സ്ഥാനമൊഴിഞ്ഞ് പോകുന്ന ഐ.ബി മേധാവിയാണ് തന്റെ പിന്തുടർച്ചാവകാശിയെ നോമിനേറ്റ് ചെയ്യുന്നത്. ഒരു എതിർപ്പും കൂടാതെ സർക്കാർ അത് അംഗീകരിക്കുകയാണ് ചെയ്യാറുള്ളത്.

## 'ഐ.ബി' സർക്കാറുകളെ നിയന്ത്രിക്കുന്ന വിധം

സാധാരണ ഇന്ത്യൻ പ്രധാനമന്ത്രിയുടെ ദിനചര്യ തുടങ്ങുന്നത് ഐ.ബി ഡയറക്ടറുടെ 15-20 മിനിറ്റ് ബ്രീഫിംഗോടെയാണ്. ഈ ബ്രീഫിംഗിൽ കഴിഞ്ഞ 24 മണിക്കൂറിൽ രാജ്യത്തുണ്ടായ പ്രധാന സംഭവവികാസങ്ങൾ ഐ.ബി പ്രധാനമന്ത്രിയെ ധരിപ്പിക്കും. അതോടൊപ്പം തങ്ങളുടെ ഉറവിടങ്ങളിൽനിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സാമൂഹിക, രാഷ്ട്രീയ, വർഗീയ, അന്തർദേശീയ മേഖലയിൽ ഭാവിയിൽ സംഭവിക്കാവുന്ന കാര്യങ്ങളെക്കുറിച്ച് പ്രവചനവും നടത്തും. ഐ.ബി ഡയറക്ടർ ആഭ്യന്തര മന്ത്രിക്ക് മുമ്പാകെയും ദിനേനെ ഈ ബ്രീഫിംഗ് നടത്തും. സാഹചര്യമനുസരിച്ചാണ് പ്രതിരോധ, വിദേശ മന്ത്രിമാർക്കുള്ള ബ്രീഫിംഗ്. പ്രധാനമന്ത്രിക്കുള്ള ബ്രീഫിംഗാണ് സവർണ ഘടകങ്ങൾ വർഷങ്ങളായി ചൂഷണം ചെയ്തുകൊ

ണ്ടിരിക്കുന്നത്. പ്രധാനമന്ത്രിക്ക് മാത്രം നൽകിയ വിവരങ്ങൾ 'ഉന്നത രഹസ്യ വിവരം', 'രഹസ്യ ഓപറേഷൻ' എന്നീ പേരുകളിട്ട് പ്രധാനമന്ത്രിയുടെ ഓഫീസ്, ആഭ്യന്തര മന്ത്രാലയം, വിദേശ മന്ത്രാലയം എന്നിവിടങ്ങളിൽനിന്നെല്ലാം മറച്ചുവെക്കും. ഐ.ബി ചെയ്യുന്നതെന്തോ അത് രാജ്യത്തിന്റെ അഭിമാനത്തിനും സുരക്ഷാ താൽപര്യത്തിനും വേണ്ടിയാണെന്നും അവക്കെല്ലാം പ്രധാനമന്ത്രിയുടെ ഓഫീസിന്റെ സമ്മതമുണ്ടെന്നുമുള്ള ധാരണ സംസ്ഥാന സർക്കാറുകൾ, മുതിർന്ന ബ്യൂറോക്രാറ്റുകൾ, സീനിയർ പോലീസ് ഓഫീസർമാർ തുടങ്ങി ജുഡീഷ്യറി തലം വരെ ഐ.ബി സൃഷ്ടിച്ചിട്ടുണ്ട്. അതിനാൽ തന്നെ മേൽപറഞ്ഞവരെല്ലാം പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള കൽപന എന്ന തരത്തിലാണ് ഐ.ബിയുടെ നിർദേശങ്ങൾ ശിരസാവഹിക്കുന്നത്. ഐ.ബി നൽകിയ വിവരങ്ങൾ അവർ ചോദ്യം ചെയ്യുകയോ, ആഭ്യന്തര മന്ത്രാലയവുമായോ പ്രധാനമന്ത്രിയുടെ ഓഫീസുമായോ വിവരങ്ങൾ ഒത്തുനോക്കുകയോ ചെയ്യാറില്ല. ഐ.ബിയെ സംശയിച്ചാൽ 1923-ലെ ഔദ്യോഗിക രഹസ്യ നിയമം തങ്ങൾക്കെതിരായ ആയുധമാക്കുമോ എന്നും അവർ ഭയപ്പെടുന്നു.

1993 വരെ ഐ.ബിയിൽ ഒരു മുസ്‌ലിം ഓഫീസർ പോലുമുണ്ടായിരുന്നില്ലെന്നതു തന്നെ ഐ.ബിയുടെ വർഗീയ വിവേചനത്തിന്റെ തെളിവാണ്. 1993-ന് ശേഷം ചില ഓഫീസർമാരെ റിക്രൂട്ട് ചെയ്തത് രേഖകളിലിടം പിടിച്ചു. അവരുടെ അനുഭവം എന്തായിരിക്കാമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. "കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ചരിത്രത്തിലെ ഏക മുസ്‌ലിം സെക്രട്ടറി ഐ.ബി അവരുടെ റിപ്പോർട്ട് തന്നെ കാണിക്കുന്നില്ലെന്ന് ഒരിക്കലെന്നോട് പരാതിപ്പെട്ടു. അദ്ദേഹം സംഘടനയുടെ ഔദ്യോഗിക ബോസായിരുന്നു"വെന്ന് 2008 നവംബറിലെ *മുസ്‌ലിം ഇന്ത്യ*യിൽ റിട്ടയേഡ് ഡി.ജി.പി കെ.എസ് സുബ്രഹ്മണ്യൻ എഴുതി.

മുഫ്തി മുഹമ്മദ് സഈദ് കേന്ദ്ര ആഭ്യന്തര മന്ത്രിയായപ്പോൾ ഐ.ബിയിലെ സവർണർ അദ്ദേഹത്തോട് എങ്ങനെ പെരുമാറിയെന്നത് ആർക്കുമറിയില്ല. പക്ഷേ തന്റെ കൈവെള്ളയിലെ രേഖകൾ പോലെ സവർണരെ അറിയാമായിരുന്ന അന്നത്തെ പ്രധാനമന്ത്രി വി.പി സിംഗ് കാരണം മുഫ്തിയെ പൂർണമായും തള്ളാൻ അവർക്ക് കഴിഞ്ഞില്ല. പാകിസ്താനിലെ ഐ.എസ്.ഐയെ പോലെ ഐ.ബി നേതാക്കൾക്കെതിരെ പ്രവർത്തിച്ചത് 1990-കളിൽ പുറത്തുവന്ന സംഭവവുമുണ്ടായി. ഉന്നതരുടെ ടെലിഫോൺ ചോർത്താറുണ്ടെന്ന് അന്ന് ഐ.ബി സ്ഥിരീകരിക്കുകയും ചെയ്തു. ഈ പരിപാടി ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. ഇന്നിപ്പോൾ ഐ.ബിക്ക് ആരുടെയും ടെലിഫോൺ ചോർത്താനാവും. തങ്ങളൊരുക്കിയ കെണിയിൽ സർക്കാർ തന്നെ വീണുകൊണ്ടിരിക്കുകയാണ്. വിവരങ്ങൾക്ക് മറ്റൊരു ബദൽ ഉറവിടവുമില്ലാത്ത സർക്കാർ ഐ.ബിയുടെ ഭാഗം പരിശോധനയൊന്നും കൂടാതെ സുവിശേഷം പോലെ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ■